**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1244** | **31.10.2019-ൽ മറുപടിക്ക്** |
| **കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.കെ.ഡി.പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | എ) | കെട്ടിട നിർമ്മാണത്തിനുള്ള സൈറ്റ് 15.10.2018-ന് നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറി കെട്ടിട നിർമ്മാണത്തിനുള്ള ടെൻഡർ അംഗീകരിച്ച് എഗ്രിമെന്റ് നടപടികൾ 05.12.2018-ന് പൂർത്തീകരിച്ച് നിർമ്മാണ നടപടികൾ 17.09.2019-ന് ആരംഭിച്ചിട്ടുണ്ട്. എന്നാൽ, കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ കെട്ടിട നിർമ്മാണ അനുമതിക്കെതിരെ ശ്രീ.കെ.വി. വിജയകുമാരൻ എന്നയാൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl.658/19 നമ്പറായി ഫയൽ ചെയ്ത ഒരു ഹർജിയിന്മേൽ Building Permit സ്റ്റേ ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം 03.10.2019 മുതൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ താത്കാലികമായി നിർത്തിവെച്ചിരിക്കുകയുമാണ്. |
| ബി) | പ്രസ്തുത കെട്ടിട നിർമ്മാണം തടസ്സപ്പെടുത്തുന്നതിന് സ്വകാര്യ വ്യക്തി നടത്തുന്ന അനാവശ്യമായ എതിർപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് വക സ്ഥലത്തിന്റെ സമീപവാസിയായ ശ്രീ. നജ്ജുൺ നാസ്സർ ടി സ്ഥലത്തിന് അവകാശവാദം ഉന്നയിച്ച് ബഹു. ആലത്തൂർ മുൻസിഫ് കോടതിയിൽ O.S No. 191/2017 ഫയൽ ചെയ്യുകയും കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നും എതിർകക്ഷികളെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത I.A No. 935/2017 കേസ് ബഹു. കോടതിയുടെ 31.08.2017-ലെ ഉത്തരവ് പ്രകാരം തള്ളുകയുമുണ്ടായി ഇതിനെതിരെ പരാതിക്കാരൻ C.M.A (Civil |

Miscellaneous Appeal) No.101/2017 ബഹു. പാലക്കാട്, അഡീഷണൽ ജില്ലാ കോടതിയിൽ ഫയൽ ചെയ്യെങ്കിലും ആയതും 12.12.2017-ലെ വിധിന്യായ പ്രകാരം തള്ളുകയും ബഹു.മുൻസിഫ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്.

തുടർന്ന് Land Assignment Rules 1964 Section 6 പ്രകാരം Beneficial Enjoyment-നായി പ്രസ്തുത സ്ഥലം വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നഞ്ചുൺ നാസർ റവന്യൂ ഡിവിഷണൽ ഓഫീസറെ സമീപിച്ചുവെങ്കിലും പ്രസ്തുത അപേക്ഷയും നിരസിച്ചിട്ടുള്ളതാണ്.

ഇതിനെതിരെ ശ്രീ.നഞ്ചുൺ നാസർ സർക്കാരിലേക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അതോടൊപ്പം പ്രസ്തുത അപ്പീലിൽ സർക്കാർ തീരുമാനം വരുന്നതിന് മുൻപ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No.32911/2018 നമ്പറായി ഒരു ഹർജി ഫയൽ ചെയ്യുകയും അതിന്മേൽ പരാതിക്കാരനെ നേരിൽകേട്ട് തീരുമാനമെടുക്കണമെന്ന ബഹു. കോടതിയുടെ 09.10.2018 ലെ വിധിന്യായത്തിലെ നിർദേശം പാലിച്ച് ടിയാനെ നേരിൽ കേട്ട് അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുണ്ട്.

സർക്കാർ ഉത്തരവിനെതിരെ റിവിഷൻ ഹർജി നൽകുന്നതിനുള്ള സാവകാശത്തിനായി ശ്രീ.നഞ്ചുൺ. നാസർ ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) No.7461/2019(G) നമ്പർ ഹർജി പരിഗണിച്ച് ഒരാഴ്ചത്തേക്ക് കൂടി തൽസ്ഥിതി തുടരുന്നതിന് നിർദേശിച്ചുകൊണ്ട് 19.03.2019-ന് ബഹു. കോടതി ടി ഹർജിയും തീർപ്പാക്കിയിട്ടുള്ളതാണ്.

അവസാനമായി 16.03.2019 തീയതിയിൽ WP(C) 8696/2019 നമ്പറായി ഒരു റിട്ട് ഹർജി കൂടി ശ്രീ.നഞ്ചുൺ നാസർ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കേസ് 22/05/19-ന് പരിഗണിച്ചുവെങ്കിലും അന്തിമ വിധി ആയിട്ടില്ല.

ശ്രീ.കെ.വി.വിജയകുമാരൻ എന്നയാളും ടി കെട്ടിട നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നതിലേക്കായി കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ കെട്ടിട നിർമ്മാണ അനുമതിക്കെതിരെയും അത് പ്രകാരമുള്ള നിർമ്മാണ നടപടികളെയും ചോദ്യം

| | | | |
|---|---|---|---|
| | | | ചെയ്തുകൊണ്ട് കുഴൽമന്ദം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ റീജിയണൽ മാനേജർ, കരാറുകാരനായ ശ്രീ.മുഹമ്മദ് ബഷീർ എന്നിവരെ കക്ഷി ചേർത്തുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിന് സമർപ്പിച്ച 658/2019 എന്ന അപ്പീലിന് 25.09.2019 ലെ IA.No. 1429/2019 ഉത്തരവു പ്രകാരം നിർമ്മാണ നടപടികളിന്മേൽ സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം 03.10.2019 മുതൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.<br>ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ സബ് രജിസ്ട്രാർ ഉൾപ്പെടെയുള്ളവരെ എതിർകക്ഷികളാക്കികൊണ്ട് ബഹു. ഹൈക്കോടതിയിൽ 04.10.2019-ന് ഒരു റിട്ട് പെറ്റീഷൻ കൂടി ഫയൽ ചെയ്തിട്ടുള്ളതാണ്. ആയതും കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ